**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 543** **10-02-2025 - ൽ മറുപടിയ്ക്ക്**

**പള്ളിക്കത്തോട് സബ്‌ട്രഷറിയ്ക്ക് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന പള്ളിക്കത്തോട് സബ്‌ട്രഷറിയ്ക്ക് സ്വന്തമായി സ്ഥലം കൈമാറി ലഭിച്ച സാഹചര്യത്തിൽ, പുതിയ കെട്ടിടം നിർമ്മിക്കാൻ തുക അനുവദിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതിയും എന്നത്തേക്ക് നിർമ്മാണം ആരംഭിയ്ക്കാനാണ് ലക്ഷ്യമിടുന്നതെന്നും വ്യക്തമാക്കാമോ? | (എ) | പള്ളിക്കത്തോട് സബ് ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് PMC -യായി M/s HLL Life Care Limited നെ നിശ്ചയിച്ചിട്ടുണ്ട്. ഇവർ തയ്യാറാക്കി സമർപ്പിച്ച പ്ലാനും DPR ഉം പരിശോധിക്കുകയും സ ഉ (സാധാ)നം.5479/2024/ധന തീയതി 11/07/2024 പ്രകാരം ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ട്രഷറി കെട്ടിടം നിർമ്മിക്കുന്ന സ്ഥലം ശ്രീ എ വി ജോസഫ് എന്ന സ്വകാര്യ വ്യക്തി ദാനാധാരമായി നൽകിയതാണെന്നും കൂടാതെ പ്രസ്തുത സ്ഥലത്ത് പൊതുഗതാഗത സൗകര്യം കുറവാണെന്നും ആരോപിച്ചുകൊണ്ട് രാഷ്ട്രീയ കക്ഷി ഭേദമന്യേ വലിയ എതിർപ്പ് രൂപപ്പെടുകയും ട്രഷറിക്കായി അനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടെത്താൻ തീരുമാനിക്കുകയും ചെയ്തു. കെട്ടിട നിർമ്മാണത്തിനായി സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ